**ആക്രമണം : പ്രതി പിടിയിൽ**

ഗ്രഹനാഥനേയും ഭാര്യയേയും മർദിച്ച കേസിൽ പ്രതി പിടിയിൽ. അശോകപുരം കനാൽ റോഡ് നീലാനി പാടം വീട്ടിൽ മുരുകൻ (36) ആണ് ആലുവ പോലിസിൻറെ പിടിയിലായത്. കഴിഞ്ഞ ഒക്ടോബറിലാണ് സംഭവം. പരാതിക്കാരൻറെ മകളെ കളിയാക്കിയതുമായി ബന്ധപ്പെട്ട് പോലിസിൽ പരാതിപ്പെട്ടതാണ് മർദ്ദനത്തിന് കാരണം. സംഭവത്തിനു ശേഷം ഇയാൾ ഒളിവിലായിരുന്നു. എസ്.ഐ മാരായ വിനോദ് ആർ , സുരേഷ് പി, രവി.വി.കെ, എ എസ് ഐ ഷാജി, എസ് സി പി ഒ നിയാസ് എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.